## പതിമുന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നംപർ: 5111

04/07/2012 - ൽ മറുപടിയ്ക്ക്

### ജയിലുകളും കോടതികളും തമ്മിൽ കമ്പ്യൂട്ടർ ശൃംഖല

ചോദ്യം

ശ്രീ. ബെന്നി ബെഹനാൻ

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി

ശ്രീ. വി.ഡി. സതീശൻ

ശ്രീ. ജോസഫ് വാഴക്കൻ

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) വിവിധ ജയിലുകളേയും കോടതികളേയും തമ്മിൽ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട് ; തിരുവനന്തപുരം, എറണാകുളം, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിലെ ജയിലുകളും, കോടതികളും തമ്മിൽ ബന്ധിപ്പിക്കുന്നതിന് വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഈ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഏതെല്ലാം ഏജൻസികൾക്കാണ് ഈ പ്രവൃത്തിയ്ക്കുള്ള അനുവാദം ഏല്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) തിരുവനന്തപുരം, എറണാകുളം, കോട്ടയം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിലെ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിന് ആവശ്യമായ ഇലക്ട്രോണിക് ഉപകരണങ്ങൾ നൽകുന്നത് നാഷണൽ ഇൻഫോമാറ്റിക് സെന്ററാണ്. സ്റ്റുഡിയോ നിർമ്മാണ ചുമതല കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷനും കണക്ടിവിറ്റിയുടെ ചുമതല ബി.എസ്.എൻ.എല്ലിനുമാണ് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ